**നന്ദിപ്രകാശന സമന്വയന സമ്മേളനത്തിനുള്ള രൂപരേഖ**
**നവംബർ 23-26, 2023**
**പൊതുവിഷയം:**
**ക്രിസ്തുവിന്റെ ആസ്വാദനവും പക്വതയിങ്കലേക്കുള്ള നമ്മുടെ ജീവനിലുള്ള വളർച്ചയും**
**ദൂത് രണ്ട്**
**ത്രിയേക ദൈവത്തിന്റെ സന്തോഷം നമ്മുടെ സന്തോഷമായിത്തീരുന്നു**

JL *Hymns*: ML213, ML218

തിരുവെഴുത്ത് വായന: റോമ. 15:13; 14:17; യോഹ 15:4, 11; ഗലാ. 5:22

Rom. 15:13 പരിശുദ്ധാത്മാവിന്റെ ശക്തിയിലുള്ള പ്രത്യാശയിൽ നിങ്ങൾ സമൃദ്ധമാകേണ്ടതിന്, പ്രത്യാശയുടെ ദൈവം, വിശ്വസിക്കുന്നതിലുള്ള സകല ആനന്ദത്താലും സമാധാനത്താലും നിങ്ങളെ നിറയ്ക്കട്ടെ.

Rom. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

John. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

John. 15:11 എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കേണ്ടതിനും നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനും ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് സംസാരിച്ചിരിക്കുന്നു.

Gal. 5:22 എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത,

**I. ത്രിയേക ദൈവം സന്തോഷത്തിന്റെ ദൈവമാണ്:**

A. റോമർ 15:13 പറയുന്നു, "പ്രത്യാശയുടെ ദൈവം, സകല ആനന്ദത്താലും സമാധാനത്താലും നിങ്ങളെ നിറയ്ക്കട്ടെ":

1. സന്തോഷം ദൈവത്തിന്റെ സദ്ഗുണങ്ങളിൽ ഒന്നാണെന്ന് ഇത് സൂചിപ്പിക്കുന്നു.
2. ദൈവം ആസ്വാദനത്തിന്റെ ദൈവമാണ്.
3. നമ്മുടെ അനുഭവത്തിൽ, നാം ദൈവത്തെ കൃപയായി ആസ്വദിച്ചാൽ നമുക്ക് സമാധാനമുണ്ടായിരിക്കുകയും, നമുക്ക് സമാധാനമുണ്ടെങ്കിൽ സന്തോഷം ഉണ്ടായിരിക്കുകയും ചെയ്യും.

B. ക്രിസ്തുവും വിശ്വാസികൾക്ക് സന്തോഷമാണ്:

1. "എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കേണ്ടതിനും നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനും ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് സംസാരിച്ചിരിക്കുന്നു" എന്ന് യോഹന്നാൻ 15:11-ൽ കർത്താവ് പറഞ്ഞു.
2. ഈ വാക്യത്തിന്റെ സന്ദർഭം മുന്തിരിവള്ളിയെയും ശാഖകളെയും കുറിച്ചുള്ള കർത്താവിന്റെ വചനമാണ്.
3. ദിവ്യ മുന്തിരിവള്ളിയുടെ ശാഖകളാകുന്നത് നമുക്ക് സന്തോഷത്തിന്റെ—സന്തോഷകരമായ ജീവിതത്തിന്റെ—കാര്യമാണ്.
4. നമ്മുടെ സന്തോഷം എപ്പോഴും കർത്താവിൽ വസിക്കുന്നതിൽ നിന്നും, അവന്റെ സ്നേഹത്തിൽ വസിക്കുന്നതിൽ നിന്നും വരുന്നു.

5. ഇത്തരമൊരു ജീവിതത്തിലാണ് നമ്മുടെ സന്തോഷം പൂർണമാകുന്നത്.
6. ഈ സന്തോഷം ക്രിസ്തു തന്നെയാണ്; അവൻ നമ്മിൽ വസിക്കുമ്പോൾ, നമ്മുടെ സന്തോഷം വർധിക്കുകയും പൂർണമായിത്തീരുകയും നമ്മുടെ ദിവസങ്ങൾ സന്തോഷത്തോടെ ജീവിക്കുകയും ചെയ്യേണ്ടതിന് നമ്മുടെ സന്തോഷത്തിന്റെ ഉറവിടമാകുവാൻ അവന്റെ സന്തോഷം നമ്മിൽ വസിക്കുന്നു.

C. പരിശുദ്ധാത്മാവിൽ സന്തോഷമുണ്ട്—റോമ. 14:17:

Rom. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

1. നാം അവനെ ആസ്വദിക്കാനും അവന്റെ ഉദ്ദേശ്യത്തിനായി ജീവിക്കാനും ദൈവം ആഗ്രഹിക്കുന്നു—നെഹെ. 8:10; എഫെ. 3:11.

Neh. 8:10 അനന്തരം അവർ അവരോടു: നിങ്ങൾ ചെന്നു മൃഷ്ടാന്നഭോജനവും മധുരപാനീയവും കഴിച്ചു തങ്ങൾക്കായി വട്ടംകൂട്ടീട്ടില്ലാത്തവർക്കു പകർച്ച കൊടുത്തയപ്പിൻ; ഈ ദിവസം നമ്മുടെ കർത്താവിന്നു വിശുദ്ധമാകുന്നു; നിങ്ങൾ ദുഃഖിക്കരുതു; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ എന്നു പറഞ്ഞു.

Eph. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

2. ത്രിയേക ദൈവം സന്തോഷത്തിന്റെ ദൈവമാണ്, അപ്പൊസ്തലന്മാർ അവരുടെ സന്തോഷത്തിനായി വിശുദ്ധരോടുകൂടെ കൂട്ടുവേലക്കാരാണ്—റോമ. 15:13; യോഹ. 15:11; 17:13; പ്രവൃ. 13:52; ഗലാ. 5:22; 2 കൊരി. 1:24; ഫിലി. 1:25; 2:17-18.

Rom. 15:13 പരിശുദ്ധാത്മാവിന്റെ ശക്തിയിലുള്ള പ്രത്യാശയിൽ നിങ്ങൾ സമൃദ്ധമാകേണ്ടതിന്, പ്രത്യാശയുടെ ദൈവം, വിശ്വസിക്കുന്നതിലുള്ള സകല ആനന്ദത്താലും സമാധാനത്താലും നിങ്ങളെ നിറയ്ക്കട്ടെ.

John. 15:11 എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കേണ്ടതിനും നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനും ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് സംസാരിച്ചിരിക്കുന്നു.

John. 17:13 എന്നാൽ ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ വരുന്നു, എന്റെ സന്തോഷം അവരിൽ പൂർണമാകേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ ലോകത്തിൽ സംസാരിക്കുന്നു.

Acts. 13:52 ശിഷ്യന്മാരോ സന്തോഷത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു.

Gal. 5:22 എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത,

2 Cor. 1:24 നിങ്ങളുടെ വിശ്വാസത്തിന്മേൽ ഞങ്ങൾ കർത്തൃത്വം നടത്തുന്നു എന്നല്ല, നിങ്ങളുടെ സന്തോഷത്തിനായി ഞങ്ങൾ നിങ്ങളോടുകൂടെ കൂട്ടുവേലക്കാരത്രേ; വിശ്വാസത്താലല്ലോ നിങ്ങൾ നിൽക്കുന്നത്.

Phil. 1:25 ഇതിൽ ഉറപ്പുണ്ടായിട്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ പുരോഗതിക്കും സന്തോഷത്തിനുമായി ഞാൻ ജീവിച്ചിരിക്കുകയും നിങ്ങൾ എല്ലാവരോടുംകൂടെ തുടരുകയും ചെയ്യും എന്ന് ഞാൻ അറിയുന്നു,

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

Phil. 2:18 അങ്ങനെതന്നെ നിങ്ങളും സന്തോഷിക്കുവിൻ, നിങ്ങൾ എന്നോടുകൂടെ സന്തോഷിക്കുവിൻ.

3. കർത്താവിന്റെ വചനം നമ്മുടെ ഹൃദയത്തിലുള്ളതിന്റെ സന്തോഷം നമുക്ക് അനുഭവിക്കുവാൻ കഴിയും—യിരെ. 15:16.

Jer. 15:16 ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

4. ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഒരു മധുരകരമായ ചിന്ത, നമ്മുടെ ആസ്വാദനമാകുവാൻ ദൈവം അവനെത്തന്നെ ക്രിസ്തുവിൽ നമുക്കു തന്നിരിക്കുന്നു എന്നാണ്—യോഹ. 1:14, 16-17; 2 കൊരി. 13:14:

John. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

John. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

John. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

a. മനുഷ്യനുമായുള്ള ദൈവത്തിന്റെ ബന്ധത്തെക്കുറിച്ചുള്ള വേദപുസ്തകത്തിലെ ആദ്യത്തെ പരാമർശത്തിൽ, ദൈവം അവനെത്തന്നെ മനുഷ്യന് ഭക്ഷണമായി അവതരിപ്പിക്കുന്നു; നാം അവനെ ആസ്വദിക്കാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് ഇത് കാണിക്കുന്നു—ഉൽ. 2:7, 9; സങ്കീ. 16:11; യിരെ. 15:16.

Gen. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

Gen. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

Psa. 16:11 ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു.

Jer. 15:16 ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

b. നമ്മുടെ ആസ്വാദനത്തിനായി അവനെത്തന്നെ നമുക്ക് നൽകണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം—നെഹെ. 8:10.

Neh. 8:10 അനന്തരം അവർ അവരോടു: നിങ്ങൾ ചെന്നു മൃഷ്ടാന്നഭോജനവും മധുരപാനീയവും കഴിച്ചു തങ്ങൾക്കായി വട്ടംകൂട്ടീട്ടില്ലാത്തവർക്കു പകർച്ച കൊടുത്തയപ്പിൻ; ഈ ദിവസം നമ്മുടെ കർത്താവിന്നു വിശുദ്ധമാകുന്നു; നിങ്ങൾ ദുഃഖിക്കരുതു; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ എന്നു പറഞ്ഞു.

c. ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം നാം അവനുവേണ്ടി എത്രമാത്രം പ്രവർത്തിക്കുന്നു എന്നതല്ല, മറിച്ച് നാം അവനെ എത്രമാത്രം ആഗിരണം ചെയ്യുന്നു എന്നും ആസ്വദിക്കുന്നു എന്നുമാണ്—യോഹ. 15:4-5; കൊലൊ. 2:6-7.

John. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

John. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

Col. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

**II. ത്രിയേക ദൈവത്തിന്റെ സന്തോഷം നമ്മുടെ സന്തോഷമായിത്തീരുന്നു:**

A. ക്രിസ്തു അവന്റെ വ്യക്തിയിൽ നമ്മുടെ സന്തോഷമാണ്:

1. നാം കർത്താവിൽ വസിക്കുകയും അവന്റെ സ്നേഹത്തിൽ വസിച്ചുകൊണ്ട് അവനിൽ വസിക്കുന്നത് തുടരുകയും ചെയ്താൽ, നാം സന്തോഷത്താൽ നിറയും— യോഹ. 15:10-11.

John. 15:10 ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ, എന്റെ സ്നേഹത്തിൽ വസിക്കും.

John. 15:11 എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കേണ്ടതിനും നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനും ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് സംസാരിച്ചിരിക്കുന്നു.

2. മിക്ക ക്രിസ്ത്യാനികൾക്കും ഇടയിൽ നഷ്ടപ്പെട്ട കാര്യങ്ങൾ കർത്താവ് പ്രത്യുദ്ധരിക്കുന്നു, കർത്താവിനെ ആസ്വദിക്കുന്നത് ഈ കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്—1 പത്രൊ. 1:8.

   1 Pet. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

3. കർത്താവിനെ ഭക്ഷിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന കാര്യം യോഹന്നാൻ 6:57-നെ അടിസ്ഥാപ്പെടുത്തിയിരിക്കുന്നു.

   John. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

4. ക്രിസ്തീയ ജീവിതം ഭക്ഷിക്കുകയും പാനംചെയ്യുകയും കർത്താവിനെ അനുദിനം ആസ്വദിക്കുകയും ചെയ്യുന്ന ജീവിതമാണ്—വാ. 57; 1 കൊരി. 10:4.

   John. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

   1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

5. നാം വിശ്വസ്തരും സാധാരണക്കാരും ശരിയായവരുമായ ക്രിസ്ത്യാനികൾ ആയിരിക്കുന്നതിന്, നാം ശ്രദ്ധിക്കേണ്ട പ്രാഥമിക കാര്യം കർത്താവിനെ ആസ്വദിക്കുക എന്നതാണ്; ഇത് നമുക്ക് ഒരു ദർശനമായിരിക്കണം—സദൃ. 29:18; പ്രവൃ. 26:19.

   Prov. 29:18 വെളിപ്പാടു ഇല്ലാത്തെടത്തു ജനം മര്യാദവിട്ടു നടക്കുന്നു; ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ.

   Acts. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

6. കർത്താവിനെ ആസ്വദിക്കുന്നതിൽ നമ്മുടെ ആത്മാവ് നേതൃത്വം എടുക്കേണ്ടതുണ്ട്—എബ്രാ. 4:12:

   Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

   a. നമ്മുടെ ആത്മാവിനെ നേരിട്ട് ഉപയോഗിക്കാനും ദേഹിയെ ആത്മാവിന്റെ അനുയായിയാക്കുവാനും നാം പഠിക്കണം.
   b. കർത്താവിനെ ആസ്വദിക്കുന്നതിൽ നമ്മുടെ ആത്മാവ് ഉൽസാഹത്തോടെ നേതൃത്വം വഹിക്കണം.

7. പിതാവിനോടുള്ള തന്റെ പ്രാർഥനയിൽ പുത്രൻ പറഞ്ഞു: "ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ വരുന്നു, എന്റെ സന്തോഷം അവരിൽ പൂർണമാകേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ ലോകത്തിൽ സംസാരിക്കുന്നു”— യോഹ. 17:13:

   a. യഥാർഥ ഒരുമ സന്തോഷത്തിന്റെ പൂർണതയിലാണ്.
   b. ഒരുമിച്ച് പിതാവിനെ ആസ്വദിച്ചുകൊണ്ട്, പിതാവിന്റെ ജീവനാൽ

നാം പിതാവിന്റെ നാമത്തിൽ ഒന്നായിരിക്കുമ്പോൾ, കർത്താവിന്റെ സന്തോഷം നമ്മിൽ പൂർണമാക്കപ്പെടും—വാ. 13.

John. 17:13 എന്നാൽ ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ വരുന്നു, എന്റെ സന്തോഷം അവരിൽ പൂർണമാകേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ ലോകത്തിൽ സംസാരിക്കുന്നു.

B. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യമായ സഭയിൽ, നാം ക്രിസ്തുവിനെ അവന്റെ സർവാത്മകതയിൽ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു—കൊലൊ. 1:12-13, 27; 2:9, 16-17; 3:1, 4, 11:

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Col. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Col. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

Col. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

Col. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

Col. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

1. ക്രിസ്തു നമുക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരി, നമ്മുടെ നല്ല ദേശം—നമ്മുടെ ആസ്വാദനത്തിനുള്ള ദിവ്യ അവകാശമാണ്—1:12.

   Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

2. ക്രിസ്തു പ്രപഞ്ചത്തിലെ എല്ലാ അനുലോമ കാര്യങ്ങളുടെയും യാഥാർഥ്യമാണ്—2:16-17.

   Col. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

   Col. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ

ക്രിസ്തുവിന്റേതാകുന്നു.

3. ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനാണ്—3:1.

Col. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

4. ക്രിസ്തു നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയായി നമ്മിൽ വസിക്കുന്നു—1:27.

Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

5. ക്രിസ്തു നമ്മുടെ ജീവനാണ്—3:4.

Col. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

6. ക്രിസ്തു ഏക പുതുമനുഷ്യന്റെ ഘടകാംശമാണ്—വാ. 10-11.

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

C. 1 പത്രൊസ് 1:8 അനുസരിച്ച്, വിശ്വാസികൾ “അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു”:

1. ഈ ആനന്ദം തേജസ്സ് എന്ന നിലയിൽ കർത്താവിൽ നിമഗ്നമാണ്; തന്മൂലം, അത് കർത്താവിന്റെ ആവിഷ്കാരത്താൽ നിറഞ്ഞതാണ്.
2. കർത്താവിൽ വിശ്വസിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ നമുക്ക് വലിയ സന്തോഷം ലഭിക്കുന്നു.
3. ഒരു ക്രിസ്ത്യാനിയുടെ സാധാരണ അവസ്ഥ തേജസ്സുനിറഞ്ഞ സന്തോഷം ഉണ്ടായരിക്കുക എന്നാണ്.

D. കർത്താവിനെ ആസ്വദിക്കുന്നതിന്—കർത്താവിന്റെ സാന്നിധ്യത്തിന്റെ സന്തോഷം (സങ്കീ. 16:11), ദിവ്യപ്രണയത്തിൽ ജീവിക്കുന്നതിന്റെ സന്തോഷം (ഉത്ത. 1:1-4), ദിവ്യത്രിത്വത്തിന്റെ ദിവ്യപകർച്ചയുടെ സന്തോഷം (2 കൊരി. 13:14; എഫെ. 3:14-21), ദൈവത്തിന്റെ ആനന്ദനദിയിൽനിന്നും കുടിക്കുന്നതിന്റെ സന്തോഷം (സങ്കീ. 46:4; 36:8), ദൈവസ്നേഹത്തെ അറിയുന്നതിന്റെ സന്തോഷം (ഗലാ. 2:20; റോമ. 8:38-39), ദൈവഹിതം ചെയ്യുന്നതിലെ സന്തോഷം (സങ്കീ. 40:8), എല്ലാ പരിതസ്ഥിതികളിലുമുള്ള സംതൃപ്തിയുടെ സന്തോഷം (ഫിലി. 4:11), രാജ്യത്തിൽ കർത്താവിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സന്തോഷം (മത്താ. 25:21, 23—എന്നിങ്ങനെ നിരവധി വശങ്ങളുണ്ട്.

Psa. 16:11 ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു.

S. S. 1:1 ശലോമോന്റെ ഉത്തമഗീതം.

S. S. 1:2 അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.

S. S. 1:3 നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു.

S. S. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

Eph. 3:14 ഇതു നിമിത്തം ഞാൻ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തെയും

Eph. 3:15 നാമകരണം ചെയ്ത പിതാവിങ്കലേക്ക് മുട്ടുകുത്തുന്നു,

Eph. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

Eph. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

Eph. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

Eph. 3:20 എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്,

Eph. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

Psa. 46:4 ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു.

Psa. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

Gal. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

Rom. 8:38 മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ ഇപ്പോഴുള്ള കാര്യങ്ങൾക്കോ വരുവാനുള്ള കാര്യങ്ങൾക്കോ ശക്തികൾക്കോ

Rom. 8:39 ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും ജീവിക്കോ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്തുവാൻ സാധിക്കുകയില്ല എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു.

Psa. 40:8 എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു.

Phil. 4:11 ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

Matt. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

Matt. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

E. ഒരു ക്രിസ്ത്യാനി സന്തോഷവാനായ—ആത്മാവിൽ സന്തോഷമുള്ളവനായ—വ്യക്തിയായിരിക്കണം—ഗലാ. 5:22:

Gal. 5:22 എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത,

1. നാം അവനിൽ ആയിരിക്കുമ്പോൾ കർത്താവ് നമ്മുടെ സന്തോഷമാണ്—റോമ. 14:17.

   Rom. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

2. നാം കർത്താവിൽ വസിക്കുമ്പോൾ, നമുക്ക് എന്ത് പ്രശ്നമുണ്ടായാലും, നാം സന്തോഷിക്കുന്നു, ഏത് ബുദ്ധിമുട്ടും കർത്താവിലുള്ള നമ്മുടെ സന്തോഷത്തെ ആഴമുള്ളതാക്കുന്നു—യോഹ. 15:4.

   John. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

3. പരിശുദ്ധാത്മാവ് സന്തോഷത്തിന്റെ ആത്മാവാണ്—റോമ. 14:17:

   Rom. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

   a. നാം സന്തോഷവാനാണെങ്കിൽ, നമ്മിലുള്ള പരിശുദ്ധാത്മാവും

സന്തോഷവാനാണെന്ന് ഇത് സൂചിപ്പിക്കുന്നു—ഗലാ. 5:22.

Gal. 5:22 എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത,

b. ബാഹ്യമായ പരിതസ്ഥിതിയിൽ നമ്മെ സന്തോഷിപ്പിക്കാൻ ഒന്നുമില്ലായിരിക്കാം, എന്നാൽ നമ്മിൽ വസിക്കുന്ന കർത്താവാണ് നമ്മുടെ സന്തോഷം—കൊലൊ. 1:27.

Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,